# S.K.V.V.H.S.S
## THRIKKANNAMANGAL
## 2018-19



# കാഴ്ച

# സ്ഥാപകൻ




## പുത്തൻവീട്ടിൽ പി.ആർ. ഗോവിന്ദപിള്ള

"ഗ്രാമസ്യാഭ്യുദയകാരകം
ജ്ഞാനക്ഷേത്ര പ്രദാതാരം
സ്മരാമി നിത്യം പുത്തൻ വീട്ടിൽ
ഗോവിന്ദപ്പിള്ളാംമഹാമതിം"

പുത്തൻവീട്ടിൽ പി.ആർ. ഗോവിന്ദപിള്ള
പുത്തൻവീട്ടിൽ പി.ആർ. ഗോവിന്ദപിള്ള




VOCATIONAL HIGHER SECONDARY SCHOOL




N.C.C
N.S.S
S.K.V.V.H.S.S


S.K.V. V.H.S.S
S.K.V.V.H.S.S
THRIKKANNAMANGAL
RIKKANNAMANG



# എഡിറ്റോറിയൽ

## നാന്ദിയായ്

ഇന്ന് പ്രകൃതി നേരിടുന്ന പ്രശ്നങ്ങൾ
ഒട്ടനവധിയാണ്
ഇവയ്ക്കൊന്നും ശാശ്വതപരിഹാരം സാധ്യമല്ല
എന്നാലും
കുരുന്നു മനസ്സുകൾക്കും
പ്രകൃതിയെ സംരക്ഷിക്കുവാനും
സ്നേഹിക്കുവാനും കഴിയണം
"കാഴ്ച"
അതിനൊരു നാന്ദിയാകട്ടെ

-

ലിറ്റിൽ കൈറ്റ്സ്

ചീഫ് എഡിറ്റർ

# ചരിത്രം

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ പാദസ്പർശത്താൽ ചരിത്രത്തിലിടം നേടിയ ദേശമാണ് തൃക്കണ്ണമംഗൽ.ഇവിടുത്തെ പുരാതനതറവാടായ പുത്തൻവീട്ടിൽ പി.ആർ.ഗോവിന്ദപിള്ള നാടിന്റെ അഭിവൃദ്ധിക്ക് വിദ്യാഭ്യാസത്തിന്റെ മഹത്വം മനസ്സിലാക്കി **1934 -**ൽ ശ്രീകൃഷ്ണവിലാസം സ്കൂൾആരംഭിച്ചു.തിരുവനന്തപുരം ഡി.ഇ.ഒ ആയിരുന്ന ശ്രീമാൻ യേശുദാസ് സാർ അതേ വർഷം ഡിസംബർ മാസത്തിൽ സ്കൂൾ സന്ദർശിച്ച് ഒന്നും രണ്ടും ക്ലാസ്സുകൾ അനുവദിച്ചു.അടുത്തവർഷം മൂന്നാം ക്ലാസ്സും തുടങ്ങി.അന്നത്തെ ഹെഡ്മാസ്റ്റർ പുത്തൻവീട്ടിൽ ശ്രീ.പി.ജി.ജനാർദ്ദനൻപിള്ള ആയിരുന്നു.ശ്രീമാൻ പി.ആർ.ഗോവിന്ദപിള്ള മാനേജർ ആയിരുന്ന സ്കൂളിൽ കുറുമ്പാല്ലൂർ അയ്യപ്പൻപിള്ള,പുത്തൻവീട്ടിൽ രാഘവൻപിള്ള,ഓനാവട്ടംപപ്പുപിള്ള എന്നിവർ അദ്ധ്യാപകരായിരുന്നു.**1936-** ൽ നാലാം ക്ലാസ്സും **1938-**ൽ ആദ്യബാച്ച് ശാസ്ത്രി പൊതുപരീക്ഷ നടത്തുകയും ചെയ്തു.

സ്കൂളിന്റെ പ്രവർത്തനമികവ് കണ്ടെത്തിയ ഡി.പി.ഐ ഗോപാലമേനോൻ , കൃഷ്ണൻതമ്പി എന്നിവർസ്കൂൾ സന്ദർശിച്ച് സ്കൂളിന് ഗ്രാൻറ്റ് അനുവദിച്ചു.

കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ പുത്തൻ ഉണർവ്വ് പകർന്നുകൊണ്ട് പനമ്പള്ളി പദ്ധതി **1950-**ൽ നടപ്പിലായി.ആ വർഷം തന്നെ ഇംഗ്ലീഷ് സ്കൂളായി മാറ്റുകയും ഫോർത്ത് ഫോറം ആരംഭിക്കുകയും ചെയ്തു.ആവിയോട്ട് എ.ജി.വർഗ്ഗീസ്സ് സാർ ആയിരുന്നു ഇംഗ്ലീഷ് സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ . **1950 -**ൽ സ്കൂൾ മാനേജിംഗ് കമ്മറ്റി നിലവിൽ വന്നു.കമ്മറ്റിഅംഗങ്ങളായി ജെ.ജനാർദ്ദനൻപിള്ള,കെ.കുട്ടൻപിള്ള,പി.ജി.കുഞ്ഞൻപിള്ള, പി.ജെ.രാഘവൻപിള്ള,പി.ജി.നാരായണപിള്ള, എൻ.ബാലകൃഷ്ണപിള്ള എന്നിവരെ തിരഞ്ഞെടുത്തു. സ്ഥാപകൻ മലയാളമാസം **1128 -**കുംഭം ന് ഇഹലോകവാസം വെടിഞ്ഞു. **1953 -**ൽ ആദ്യത്തെ പൊതുപരീക്ഷ നടന്നു.**1960-**കളിൽ **50** ഡിവിഷനുകളിലായി **2400 -**ൽ പരം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരിന്നു. **2000-**മാണ്ടിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി ആരംഭിച്ചു.

# “സ്റ്റുഡന്റ് പോലീസ് കേഡറ്റ്”
# പദ്ധതി ഉദ്ദേശ ലക്ഷ്യങ്ങൾ

കേരളാപോലീസും വിദ്യാഭ്യാസവകുപ്പും സംയുക്തമായി ആരംഭിച്ച ഒരു മഹത് പ്രസ്ഥാനമാസ് **S P C** എന്ന
ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ പദ്ധി.**2010** അദ്ധ്യയനവർഷം മുതൽ കേരളത്തിൽ
തെരഞ്ഞെടുത്ത ഏതാനും സ്കൂളുകളിൽനരപ്പിലാക്കിയ ഈ പദ്ധതി കഴ് ഏഴ് വർഷം കൊണ്ട ദേശിയ ശ്രുദ്ധആകർഷിക്കുകയും ലോകത്തിന് തന്നെ ഒരു മികച്ച സംഭാവനയായി മാറിയിരിക്കുകയുമാണ്. കുട്ടികളിൽ കായികക്ഷമത അച്ചടക്കം ദേശീയബോധം സാമൂഹികപ്രതിബദ്ധത സഹജീവിസ്നേഹം പരിസ്ഥിതിസംരക്ഷണം നിയമാവബോധം പഠനമികവ് എന്നിവ വളർത്തിയെടുക്കുന്നതിനൊപ്പം സാമൂഹിക
തിന്മകൾക്കെതിരെശക്തമായി പ്രതികരിക്കുകയും വ്യാപകമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക
എന്നതാണ് ഈപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്

ലോകം മുഴുവൻ ഒന്നായി മാറിയ ഈ കാലഘട്ടത്തിൽ മുൻകാലങ്ങളിൽ നമുക്ക് ചിന്തിക്കുവാൻപോലും കഴിയാത്തതരത്തിലുള്ള ധ്രുതഗതിയിലുള്ള മാറ്റങ്ങൾ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്േറതായ ദൃഷ്യഫലങ്ങളും ധാരാളമായി ഉണ്ടാകുന്നുവെന്നത്
യാഥാർത്ഥ്യമാണ്.കൂട്ടുകുടുംബങ്ങളിൽ
നിന്നും അണുകുടുംബങ്ങളിലേയ്ക്ക് മാറിയതുപോലെ പൊതുവാർത്താ മാധ്യമങ്ങളിൽ നിന്നും സോഷ്യൽ മീഡിയയിലേക്ക് വഴിമാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നു നമ്മുക്ക് കാണുവാൻ കഴിയുന്നത്. ഇത്തരം മാറ്റങ്ങൾ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണെന്ന് നാനാതുറകളിൽ അഭിപ്രായങ്ങൾ അരക്കിട്ടുറപ്പിക്കുന്നു.

എന്തിനേയുംകുറിച്ചി ജിജ്ഞാസ പ്രകടിപ്പിക്കുന്ന പ്രായമാണ് കൗമാരപ്രായം എന്ന് നാം വിശേഷിപ്പിക്കുന്ന
കാലഘട്ടം.ഈ പ്രയത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ശാരീരികവും മാനസികവും ബുദ്ധിപരമായ വളർച്ചയെ
ശരിയായ തലത്തിലെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.കൗമാരക്കാരിൽ മറ്റ് പ്രായത്തിലുള്ളവരേക്കാൾ സേവനമനോഭാവവും നന്മകൾ ചെയ്യുവാനുള്ള മനസ്സും കൂടുതലായി കണ്ടുവരുന്നു.

അതുപോലെ എല്ലാവിധ ചതിക്കുഴികളിലും അകപ്പെട്ടുവാനും തെറ്റായ മാർഗ്ഗത്തിലേക്ക് പേകുവാനുമുള്ളപ്രവണതയും കണ്ടുവരുന്നു. ഈ രണ്ട് പ്രവണതകളിൽ ആദ്യത്തേതിലേയ്ക്ക് കുട്ടികളെ കൊണ്ടെത്തിക്കുവാനുള്ള പരിശ്രമമാണ് **SPC** നടത്തിക്കൊണ്ടിരിക്കുന്നത്

ലഹരി വസ്തുക്കൾക്കെതിരയുള്ള ബോധവത്ക്കരണം ശുഭയാത്രാപരിപാടികൾ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക സ്കൂളിൽ പോയി പഠിക്കുവാൻ കഴിയാതെ വിഷമിക്കുന്ന കുട്ടികൾക്ക് സാന്ത്വനമേകുക വൃദ്ധരേയും മറ്റ് അവശജനവിഭാഗങ്ങളേയും സഹായിക്കുക.... തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ചുരുങ്ങിയ
സമയംകൊണ്ട് സമൂഹത്തിൻെ്റ ശ്രദ്ധപിടിച്ചുപറ്റുവാൻ ഈ പദ്ധതിക്ക് കഴിഞ്ഞു വെന്നത് അഭിമാനാർഹമാണ് പരിക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി ഇന്ന് കേരളത്തിൽ **600-** ഓളം
സ്കൂളുകളിൽ പ്രവരത്തിക്കുന്നു ഈ പദ്ധതിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഇതരസംസ്ഥാനങ്ങളിൽ നിന്നും
ബന്ധപ്പെട്ട അധികാരികൾ ഇവിടെ വന്ന് **SPC** പദ്ധതി സംബന്ധിച്ച് പഠിക്കുകയും ഇതരസംസ്ഥാനങ്ങളിലും
നടപ്പിലാക്കിവരികയുമാണ് അങ്ങനെ രാജ്യത്തിന് തന്നെ മാതൃകയായ **SPC** പദ്ധതി ലോകത്ത് തന്നെ
ആദ്യത്തെ സംരഭമായാണറിയപ്പെടുന്നത്

ഇന്ന് നമ്മുടെ കുട്ടികൾക്ക് ധാരാളം അറിവുകൾ ലഭിക്കുന്നുണ്ട് കേവലം അറിവുകൾ നേടുകയെന്നതിനുപ്പുറം
അവരെ തിരിച്ചറിവുള്ളവരാക്കുക എന്നതാണ് മറ്റൊരു പ്രധാനലക്ഷ്യം സ്വയം അറിയുവാനും മാതാപിതാക്കളേയും ബന്ധക്കളേയും സുഹൃത്തുക്കളേയും അദ്ധ്യാപകരേയും സമൂഹത്തേയും തിരിച്ചറിയുവാനും
സ്നേഹവും ബഹുമാനവും പരിലാളനവും നൽകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവും നിറവേറ്റിപ്പോരുന്നു.

എസ്.പ്രദീപ്കുമാർ

# ജൂനിയർ റെഡ് കോസ്

അന്താരാഷ്ട്ര ജീവകാരുണ്യ പ്രവർത്തനസംഘടനയായ റെഡ്ക്രോസ് സൊസൈറ്റിയുടെ സ്കൂൾതല വിഭാഗമാണ് ജൂനിയർറെഡ്ക്രോസ് അഥവാ **JRC .1828** മേയ് **8** ന് സ്വിറ്റ്സർലൻറിലെ ജനിവ പട്ടണത്തിലെ കുബേരകുടുംബത്തിലെ ജീൻ ജാക്വസിൻെറയും ,അൻറായീനെറ്റയുടെയും മകനായി ജനിച്ച ജീൻ ഹെൻററി ഡ്യൂനൻറ് എന്ന മനുഷ്യസ്നേഹിയുടെ പ്രയത്നത്തിൻറെ ഫലമാണ് റെഡ്ക്രോസ് പ്രസ്ഥാനം.

**1925-**ൽ ഇന്ത്യയിൽ പഞ്ചാബ് സംസ്ഥാനത്താണ് **JRC** പ്രവർത്തനം ആരംഭിച്ചത് . സേവനം എന്നത് **JRC** യുടെ വാക്കാകുന്നു.ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക ,സേവനസന്നദ്ധതയുള്ള പുതിയ തലമുറയെ വാർത്തെടുക്കുക,അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്നീ മൂന്ന് കാര്യങ്ങളിൽ ഊന്നിയാണ് **JRC** പ്രവർത്തിക്കുന്നത്.**JRC** യിൽ അംഗമാകുന്ന കുട്ടികളെ **JRC** കേഡറ്റ് എന്ന് വിളിക്കുന്നു."ഞാൻ എന്േറയും,മറ്റുള്ളവരുടേയും ആരോഗ്യം സംരക്ഷിക്കാമെന്നും,രോഗളേയും അവശരേയും,
പ്രത്യേകിച്ച് കുട്ടികളേ സഹായിക്കാമെന്നുയും,ലോകത്താകമാനമുള്ള കുട്ടികളെ എൻെറ ആത്മ സുഹൃത്തുക്കളായി കണക്കാക്കാമെന്നും,ഇതിനാൽ പ്രതിജ്ഞചൊല്ലി വിദ്ധ്യാർത്ഥികൾ **JRC** യിൽ അംഗാമാകുന്നു.**JRC** യുടെ ചുമതലയുള്ള അധ്യാപകനെ **JRC counsellor** എന്നറിയപ്പെടുന്നു. സ്കൂളിൻെറ പ്രഥമ അധ്യാപിക യൂണിറ്റിൻെറ പ്രസിഡൻായിരിക്കുയും.**JRC** യുടെ പൊതുയോഗം അധ്യാപകൻ/അധ്യാപിക യൂണിറ്റിൻെറ പ്രസിഡൻായിരിക്കും.**JRC** യുടെ പൊതുയോഗം കൂടി, വിദ്യാർത്ഥികളിൽ നിന്നും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു.ചെയർമാൻ,വൈസ് ചെയർമാൻ, സെക്രട്ടറി,ജോ.സെക്രട്ടറി,ട്രഷറർ,എന്നിവരാണ് യൂണിറ്റിൻെറ ചുമതലക്കാർ.**8-**ാം സ്റ്റാൻഡേർഡിൽ **-20** പേർ **9-**ാം സ്റ്റാൻഡേർഡിൽ **-20** പേർ ,ആകെ**60** അടങ്ങിയതാണ് ഹൈസ്കൂളിലെ ഒരു യൂണിറ്റ് .
**8-**ാം ക്ലാസ്സിലെ കുട്ടികൾക്ക് എ-ലെവൽ പരീക്ഷ,**9-**ാം സ്റ്റാൻഡേർഡിൽ **-20 ,10-**ാം സ്റ്റാൻഡേർഡിൽ **20** പേർ,ആകെ **60** പേർ അടങ്ങിയതാണ് ഹൈസ്കൂളിലെ ഒരു യൂണിറ്റ്.
**8-**ാം ക്ലാസ്സിലെ കുട്ടികൾക്ക് എ ലെവൽ പരീക്ഷ,**9-**ാം ക്ലാസ്സിലെ കുട്ടികൾക്ക് ബി-ലെവൽ പരീക്ഷ, **10-**ാം ക്ലാസ്സിൽ സി -ലെവൽ പരീക്ഷയും നടത്തുന്നു.**50** മാർക്കിൻെറ പരീക്ഷയിൽ **25** മാർക്ക് വാങ്ങി
എല്ലാതലത്തിലയം ജയിക്കുകയും,സ്കൂൾ യൂണിറ്റ് നടത്തുന്ന ശുചീകരണം,ജീവകാരുണ്യം, സേവനപ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുത്ത് **75%** ഹാജർ,നേടിയവർ ആയിരിക്കണം. സ്റ്റേറ്റ് അഥവാ ജില്ലാ തലത്തിൽ നടത്തുന്ന ക്യാമ്പ/സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്യണം.ഹെഡ്മാസ്റ്റർ,കൗൺസിലർ എന്നിവർ തൃപ്തികരമായ **JRC** കേഡറ്റിനു മാത്രമേ
എസ്. എസ്.എൽസിക്ക് **10-**ാം മാർക്കിന് യോഗ്യതയുണ്ടാകു. നന്മയുള്ള ഹൃദയത്തിൽ മാത്രമേ കരുണ എന്ന വികാരം കാണുകയുള്ളു. ജീവികൾക്ക് സഹായം നൽകുമ്പോഴാണ് കാരുണ്യത്തിൻെറ അഥവാ സത്ത സേവനത്തിൻെറ സത്ത മനസ്സിലാകുന്നത് .ഇതിന് **JRC** പ്രവർത്തനം ഉത്തമ ഉദാഹരണമാകുന്നു

സൈമൺ ബേബി

# പൂർവ്വകാല സാരഥികൾ

| NAME | PERIODS |
|---|---|
| • Sri.JANARDANAN PILLAI | 1932-50 |
| • Sri.A.G.VARGHESE | 1950-54 |
| • Sri.T.R.GOPALAN NAIR | 1955-60 |
| • Sri.SAMUEL | 1960-61 |
| • Sri.KALAVARMA VASUDEVAN PILLAI | 1961-64 |
| • Sri.HARIHARAYYER | 1965-73 |
| • Sri.VELAPPAN NAIR | 1973-83 |
| • Sri.M.K.KUTTAN PILLAI | 1983-84 |
| • Sri.K.KUNJUKRISHNAN NAIR | 1984-85 |
| • Sri.O.THOMAS | 1985-88 |
| • Sri.N.RAJASEKHARAN PILLAI | 1988-93 |
| • Sri.S.RAMACHANDRAN PILLAI | 1993-94 |
| • Smt.J.SANTHAKUMARI AMMA | 1994-96 |
| • Sri.JANARDANAN PILLAI | 1996-97 |
| • Smt.J.INDIRABAI | 1997-98 |
| • Smt.KUNJAMMA | 1998-99 |
| • Sri.K.S.APPUKUTTAN PILLAI | 1999-2004 |
| • Smt.CHANDHRAMATHI AMMA | 2004-2007 |
| • Sri.K.THULASEEDHARAN NAIR | 2007-17 |

# ഞാനും എൻ്റെ ശിവകൃഷ്ണയും പിന്നെ 26 പേരും

കുസൃതിക്കുരുന്നുകളുടെ ആരവം കൊണ്ട് മുഖരിതമാകുന്ന സ്കൂൾ അങ്കണം ഒരു പതിവ് കാഴ്ച്ചയാണ്. കുട്ടികളുടെ കളികളും ബഹളവും സൗഹൃദവും അധ്യാപകരുടെ സാനിദ്ധ്യവും സകൂൾ മണിയുടെ മുഴക്കം കേൾക്കുമ്പോൾ നിശബ്ദതയെ പുൽകുന്ന അന്തരീക്ഷവും എന്നും പുതുമയെ പ്രദാനം ചെയ്യുന്നു.ഇവയെല്ലാം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻ്റെ അവിഭാജ്യ ഘടകങ്ങളത്രേ.എന്നാൽ സാധാരണകുട്ടികൾക്ക് ഒപ്പം ഓടിയെത്തുവാൻ കഴിയാതെ ,അതേസമയം അവർക്കൊപ്പം എത്തുവാൻ പരിശ്രമിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾഏറെ ശ്രദ്ധയും കരുതലും അധ്യാപകരിൽ നിന്നും സഹപാഠികളിൽ നിന്നും പ്രതീക്ഷിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്.

പാർശ്വവൽക്കരിക്കപ്പെടാതെ ,മുഖ്യധാരയലൂടെ ഈ കുഞ്ഞുങ്ങളെ വഴിനടത്തേണ്ടത് സമൂഹത്തിൻ്റെ ആവശ്യമാണ് .നൂതനവിദ്യാഭ്യാസ രീതികളിലൂടെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ വിദ്യാസമ്പന്നരാക്കി വിവിധ മേഖലകലിൽ മികവുപുലർത്താൻ അവരെ പ്രപ്തരാക്കേണ്ടത് നമ്മുടെ കടമയാണ് . ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ കഴിവുള്ളവരാണ് വിദ്യാർത്ഥികളും അധ്യാപകരും എന്നതിൽ സംശയമില്ല.ഇക്കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് ,ഭിന്നശേഷിയുള്ള ഒരു സഹപാഠിയെ സന്ദർശിക്കുവാൻ ഒരുപറ്റംകുട്ടികൾ പ്രകടിപ്പിച്ച സൻമനസ്സിനെ ഈ അവസരത്തിൽ പ്രതിപാദിച്ചു കൊള്ളട്ടെ .

**7C** ക്ലാസ്സിൻ്റെ ചുമതലയായിരുന്നു എനിക്കുണ്ടായിരുന്നത് . ഈ ക്ലാസ്സിലെ **23 -**ാം നമ്പർ ശിവകൃഷ്ണ വളരെ അപൂർവ്വമായേ സ്കൂളിൽ എത്തിയിട്ടുള്ളൂ.ഓട്ടിസം ബാധിച്ച ശിവകൃഷ്ണയെ കാണുവാൻ ക്രിസ്തുമസ് അവധിക്കാലം തുടങ്ങുന്നതിൻ്റെ തലേ ദിവസം സഹപാഠികൾ ഒരുങ്ങി എത്തി.

ക്രിസ്തുമസ് ഫാദറിൻ്റെ വേഷം ധരിച്ച് ജിതിൻ പ്രസാദും ,കരോൾ പാട്ടുകൾ പാടാൻതയ്യാറായി ഭാഗ്യലക്ഷമിയും, നീതുപരാജും,ശ്രീലക്ഷമിയും ശ്രീവിദ്യയും ദൃശ്യാരാജും ശിവകൃഷ്ണയുടെ അടുത്തെത്തി .സഹപാഠികളെ കണ്ടപ്പോൾ ശിവകൃഷ്ണയുടെ മുഖത്ത് വിരിഞ്ഞ സന്തോഷം ഹൃദയസ്പർശിയായിരുന്നു.എല്ലാ കുട്ടികളും ശിവകൃഷ്ണക്ക നൽകുവാൻ സമ്മാനപ്പൊതികൾ കരുതിയിരുന്നു.പാട്ടുകൾ പാടിയും കേക്കുമുറിച്ചും തമാശകൾ പറഞ്ഞും കുട്ടികൾ അവനെ സന്തോഷഭരിതനാക്കി.ഒരു മണിക്കൂറുകളോളം ശിവകൃഷ്ണയോടൊപ്പം ചിലവിട്ട് ഈറനണിഞ്ഞ മിഴികളോടെയാണ് കുട്ടികൾ അവിടെ നിന്നും വിടവാങ്ങിയത്.

തികച്ചും സാധാരണ കുടുംബത്തിലെ അംഗമായ ശിവകൃഷ്ണയെപ്പോലെയുള്ള ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി , അവരെ സ്കൂളിൽ എത്തിക്കുവാനും അവർക്ക് അംഗീകാരവും സഹായവും നൽകുവാനും നമുക്ക് കഴിയണം .അനുകമ്പ എന്ന വാക്കിൽ മാത്രം ഒതുങ്ങാതെ മറ്റു കുട്ടികളോടൊപ്പം കളിക്കുവാനും ചിരിക്കുവാനും പഠിക്കുവാനും ഉള്ള അവസരം അവർക്ക് നമ്മൾ നൽകണം .വിധിയെ പഴിച്ച് ജീവിക്കുന്ന മാതാപിതാക്കൾക്ക് ആശ്വാസത്തിൻ്റെ വഴി കണ്ടെത്തുവാൻ നമ്മൾ സഹായിക്കണം.

ശിവകൃഷ്ണയെ ഞങ്ങൾ പൂമരം കൊണ്ട് ഒരു തൊപ്പിയുണ്ടാക്കി അണിയിച്ചു.ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെയെല്ലാം സമൂഹത്തിന് വിലപ്പെട്ടവരാക്കി മാറ്റുവാൻനമുക്ക് ഒരുമിച്ച് നിൽക്കാം.

ജേക്കബ് ജോർജ്ജ്

# ഇന്ത്യയുടെ
# ശാസ്ത്രപുരോഗതിയിൽ
# അബ്ദുൾ കലാമിനുള്ള പങ്ക്

അവുൽ പകീർജൈനുല്ദീൻ അബ്ദുൽ കലാം എന്ന ഡോ.എ. പി ജി അബ്ദുൽകലാം **1931** ഒക്ടോബർ **15** ന്
തമിഴ്നാട്ടിലെ രാമേശ്വരത്തു ജനിച്ചു. ഇദ്ദേഹത്തിൻെറ മാതാപിതാക്കൾ ആയിഷാമ്മയും ജൈനുലാബ്ദീനുമാണ്
ഭൗമശാസ്ത്രവയം ബഹിരാകാശ ഗവേഷണവുമാണ് ഇദ്ദേഹം പഠിച്ചത്.

പ്രശ്സ്തനായ മിസൈൽ സാങ്കേതിക വിദ്യാവിദഗ്ദനയും ബഹിരാകാശ ഗവേഷകനുമാണ് ഇദ്ദേഹം.
ബഹിരാകാശ പഠനത്തിനു ശേഷം പ്രതിരോധ ഗവേഷണ വികസനകേന്ദ്യം ബഹിരാകാശകേന്ദ്യം തുടങ്ങിയ
സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനം വഹിച്ചിട്ടുണ്ട്.ഇന്ത്യ തദ്ദേശീയമായി വാകസിപ്പിച്ചെടുത്ത സ്പേസ് വെഹിക്കൾ ലാഞ്ചിനേയും ,ബാലിസ്റ്റിക് മിസൈലിൻേറയും ഗവേഷണത്തിസമയത്ത് അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ് . ഇന്ത്യയുടെ സാങ്കേതിക വിദ്യകളിൽ അബ്ദുൾകലാമിൻെറ പങ്കും കഴിവും കണക്കിലെടുത്ത് അദ്ദേഹത്തെ ഇന്ത്യയുടെ മിസൈൽമനുഷ്യൻ എന്നാണ് വിശേഷിപ്പിക്കുന്നത്. **2002** ൽ ഇദ്ദേഹം ഇന്ത്യയുടെ
രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു . അങ്ങനെ അദ്ദേഹം ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി.**2007** ജൂലൈ **27** ന് സ്ഥാനമൊഴിഞ്ഞു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് അഹമ്മദാബാദ് ,ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപികനും തിരുവനന്തപുരം സയൻസ് ആൻറ് സ്പേസ് റിസേർച്ച് സെൻററിലെ
വൈസ് ചാൻസലറുമായി അദ്ദേഹം ജോലി ചെയ്തു. **2020** ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള
അദ്ദേഹത്തിൻെ്റ ദർശനങ്ങളുംകാഴ്ചപ്പാടുകളും മാർഗങ്ങളും ഇന്ത്യ **2020-**ൽ എന്ന തൻെ്റ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു.

**1960-**ൽ ബഹിരാകാശ പഠനത്തിനുശേഷം അദ്ദേഹം ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ആൻറ് പ്രൊഡക്ഷൻ എന്ന സ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിച്ചു . ഒരു ശാസ്ത്രജ്ഞൻ
എന്ന നിലയിൽ അദ്ദേഹത്തെ ഏൽപ്പിച്ച ദൗത്യം ഇന്ത്യൻ സൈന്യത്തിനുവേണ്ടി ഒരു സൂപ്പർസോണിക് ടാർജറ്റ് എയർക്രാഫ്റ്റ് നിർമ്മിക്കുകയെന്നതാണ് . അങ്ങനെ അദ്ദേഹം സാങ്കേതിക വിദ്യയിലുള്ള ആദ്യകാൽച്ചുവടുകൾ വച്ചു.

ജലത്തിലും കരയിലും ഒരുപോലെ പ്രവർത്തിക്കുന്ന ഹോവാൾഡ് എയർക്രാഫ്റ്റ് നിർമ്മിക്കുക എന്നതായിരുന്നു കലാമിൻെ്റ രണ്ടാമത്തെ ദൗത്യം.**1961-**ൽ അദ്ദേഹം ഇന്ത്യൻ നാഷണൽ
കമ്മിറ്റി ഫോർ സ്പേസ് റിസേർച്ച് സെൻറ്റിൽ ജോലിയിൽ പ്രവേശിച്ചു. അങ്ങനെ തുമ്പ ഗവേശനകേന്ദ്രം അദ്ദേഹം തുടങ്ങിവച്ചു.**1962-**ൽ ഇന്ത്യയുടെ ആദ്യറോക്കറ്റായ നൈക്കി അപ്പാച്ചി ആകാശത്തിലേക്ക്
കുതിച്ചു. ആഗസ്റ്റ് **10** ന് അദ്ദേഹം പി .എസ് .എസ്.മൂന്ന് വിക്ഷേപിച്ചു. പല സാങ്കേതികകാരണങ്ങളാൽ
അത് സമുദ്രത്തിലേക്ക് പതിച്ചു.അദ്ദേഹം അതിൽ വളരെ വിഷമിച്ചു.**1980-**ൽഅദ്ദേഹം

രോഹിണികൃത്രിമോപഗ്രഹം വളരെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു.പി.എസ്.എൽ.വിയുടെ ഗവേഷണവും വിജയകരമായതോടെ അദ്ദേഹം ആഗോളപ്രശസ്തനായി.**30** ഓളം സർവ്വകലാശാലകളിൽ
നിന്ന് അദ്ദേഹത്തിന് ഓണററി ഡോക്ടേറ്റ് ലഭിച്ചു. **1981**-ൽ പത്മഭൂഷൺ,**1990**- പത്മവിഭൂഷൺ,**1997**-ൽ
ഭാരതര്തനം എന്നിവ അദ്ദേഹത്തെ തേടിവന്നു.

# പ്രാദേശിക ചരിത്ര രചന

കൊട്ടാരക്കര എന്ന സ്ഥലമാണ് എന്റെ ചരിത്രവിഷയം.ഇതിന് ചിന്തിക്കാനാവാത്ത അത്ര ചരിത്രപ്രാധാന്യമുണ്ട.കൊട്ടാരക്കരയുടെ പ്രഥമഭാഗങ്ങളാണ് കൊട്ടാരക്കര ക്ഷേത്രം,ഗ്രന്ഥശാല,കോടതി സമുച്ചയം,കൊട്ടാരം തുടങ്ങിയവ.

ചരിത്രം

കേരളത്തിലെ ഒരു രാജവംശമായിരുന്നു ഇളയിടത്ത് സ്വരൂപം.വേണാട്ടു രാജവംശത്തിന്റെ ഒരു ശാഖയായിട്ടായിരുന്നു ഇളയിടത്തു സ്വരൂപം ഉത്ഭവിച്ചത്. വേണാട് രാജവംശത്തിന്റെ ഏറ്റവും ഇളയ
താവഴിയിൽപ്പെട്ടവർ കന്നേറ്റി മുതൽ തിരുവനന്തപുരം വരെയുള്ള കടൽത്തീര പ്രദേശങ്ങളും കൂട്ടിച്ചേർന്ന്
ഭരണം ആരംഭിച്ചു.വേണാട് രാജവംശത്തിന്റെ ഏറ്റവും ഇളയ താവഴിയായതിനാൽ ഇത് ഇളയിടത്ത്
സ്വരൂപം എന്ന് അറിയപ്പെട്ടു.**14-**ാം നൂറ്റാണ്ടുവരെ സ്വരൂപത്തിന്റെ തലസ്ഥാനം കുന്നുമേൽ ആയിരുന്നു.
പിന്നീട് കുന്നുമേലിൽ നിന്നും കൊട്ടാരക്കരയിലേക്ക് മാറ്റുകയും അന്ന് നെടുമങ്ങാട്ടും കൊട്ടാരക്കരയും പൂർണ്ണമായും തിരുവനന്തപുരം പത്തനാപുരം ചെങ്കോട്ട തുടങ്ങിയ പ്രദേശങ്ങൾഭാദീകമായും സ്വരൂപത്തിന്റെ
ഭാദമായിരുന്നു

ചരിത്രപ്രാധാന്യം

കൊട്ടാരക്കരയ്ക്ക് ചരിത്രപ്രാധാന്യം ലഭിക്കുന്നതിൽ പ്രധാനപങ്ക് കഥകളിയ്ക്ക് ജന്മം നൽകിയ
ഇവിടുത്തെ ക്ഷേത്രത്തിന്റെതാണ്

കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രം

കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രംകൊല്ലത്തു നിന്നും ഏകദേശം**17 km**
അകലെ കൊട്ടാരക്കരിൽ സ്ഥിതിചെയ്യുന്നു ശിവനാണ് പ്രധാനപ്രതിഷ്ഠ മണികണ്ഠേശ്വരം ശിവക്ഷേത്രമാണ് പിൽക്കാലത്ത് കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രമായി അറിയപ്പെട്ടത്

കഥകളിയുടെ ജന്മസ്ഥലം

**17-**ാം ദശകത്തിനാണ് കഥകളി ഉത്ഭവിച്ചത് കൊട്ടാരക്കരയിലെ ഇളമുറത്തമ്പുരാനായ
വീരകേരളവർമ്മ രാമായണത്തെ **8**ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമ്മിച്ച രാമനാട്ടമാണ് പിൽക്കാലത്ത് കഥകളിയായി പരിണമിച്ചത്.

ആശ

# ബാല്യം

ബാല്യം ...... മധുരമാം ബാല്യം
ഓർക്കാൻ കൊതിക്കുന്ന ബാല്യം
സ്നേഹവും കരുതലും നന്മയും തന്നൊരാബാല്യം
എവിടെ എവിടെയെൻ ബാല്യം
എത്രവേഗം നീ കടന്നുപോയ് ബാല്യമേ
കൊച്ചരിപ്പല്ലുകൾ കാട്ടിച്ചിരിച്ചൊരെൻ ബാല്യം
കളങ്കരിത നന്മനിറഞ്ഞ ബാല്യം
അച്ഛൻെ്റ കൈതൊട്ട് പിച്ചവച്ചൊരെൻ ബാല്യം
അമ്മതൻ സ്നേഹം നുണഞ്ഞ ബാല്യം
മുത്തശ്ശി തന്നൊരു സ്നേഹമാം കഥകളും
കേട്ടുരസിച്ചൊരെൻബാല്യം
ജീവിതം കൗമാരത്തിലെത്തി നിൽക്കുന്ന ബാല്യം
ഞാനോർത്തുപോകുന്നു തിരികെ വന്നെങ്കിലെൻെ്റ ബാല്യം
മധുരമാം ബാല്യം
പൂക്കളെ കണ്ടുചിരിച്ച ബാല്യം
വർണ്ണങ്ങൾ മിന്നി മറഞ്ഞകാലം
തിരികെ വരില്ലെന്ന് ഞാനോർത്തു നിന്ന
എൻെ്റ സ്നേഹസാക്ഷ്യമാം ബാല്യം

ഡോണ അന്ന **9B**

# കടങ്കഥകൾ

അക്കരെ വെടി പൊട്ടുമ്പോൾ ഇക്കരെ കുട വിരിയുന്നു
-കൂൺ

അക്കരെ നിൽക്കും തുഞ്ചാണി
ഇക്കരെ  നിൽക്കും തുഞ്ചാണി
കൂട്ടിമുട്ടും തുഞ്ചാണി
-കൺപോള

അക്കരെ വിളയിൽ തെക്കേത്തൊടിയിൽ
ചക്കരകൊണ്ടൊരു തൂണ്
തൂണിനകത്തൊരു നൂല്
നൂല് വലിച്ചാൽ തേൻ
-തെച്ചിപ്പൂവ്

അമ്പാട്ടെ പട്ടിക്ക് മുന്നോട്ട് വാല്
-ചിരവ

ഒരമ്മ പെറ്റതെല്ലാം വെള്ള  പട്ടാള
-ചിതൽ

# മൊഴിമുത്തുകൾ

ക്ഷമയാണ് ഏറ്റവും വലിയ പ്രർത്ഥന.
-ശ്രീബുദ്ധൻ

നല്ല ഹൃദയം സ്നേഹത്തേക്കാൾ വിലപിടിച്ചതാണ്
-ഷേക്സ്പിയർ

സംഘടനകൊണ്ട് ശക്തരാകുക വിദ്യകൊണ്ട് പ്രബുദ്ധരാകുക
-ശ്രീനാരായണഗുരു

ഹൃദയശുദ്ധിയിലാണ് യഥാർത്ഥ സൗന്ദര്യം സ്ഥിതിചെയ്യുന്നത്
-ഗാന്ധിജി

പ്രാർത്ഥിക്കുന്നത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ആകരുത്
-ബൈബിൾ

ഗൗരി **9D**

# Magic letters

**B -Bee**
**C -See, Sea**
**I -Eye**
**P - Pea**
**R -Are**
**S -Yes**
**T -Tea**
**U -You**
**V -We**
**Y -Why**

sankari **6B**

# കേരളത്തിൽ ജില്ലകൾ നിലവിൽ വന്ന വർഷം

| | |
|---|---|
| തിരുവനന്തപുരം | -1949 ജൂലൈ 1 |
| കൊല്ലം | -1949 ജൂലൈ 1 |
| പത്തനംതിട്ട | -1982 നവംബർ 1 |
| ആലപ്പുഴ | -1957 ആഗസ്റ്റ് 17 |
| കോട്ടയം | -1949 ജൂലൈ 1 |
| ഇടുക്കി | -1972 ജനവരി 28 |
| എറണാകുളം | -1958 ഏപ്രിൽ 1 |
| തൃശ്ശൂർ | -1949 ജൂലൈ 1 |
| പാലക്കാട് | -1957 ജനവരി 1 |
| മലപ്പുറം | -1969 ജൂൺ 16 |
| കോഴിക്കോട് | -1957 ജനവരി 1 |
| വയനാട് | -1980 നവംബർ 1 |
| കണ്ണൂർ | -1957 ജനവരി 1 |
| കാസർഗോഡ് | **-1984 മേയ് 24** |

മായ

# കുസൃതിച്ചെപ്പ്

ജനിക്കുമ്പോൾ ജനിക്കാത്തതും
ജനിച്ചശേഷംജനിക്കുന്നതുമായ
വസ്തു ഏത്**?**

**-** പല്ല്

എല്ലാ ആളുകളും തലകുനിക്കുന്ന
സ്ഥലം**?**

**-** ബാർബർ ഷോപ്പ്

എത്ര വലിച്ചാലും നീളില്ല**,**
പക്ഷേചെറുതാകും വസ്തു ഏത്**?**

**-**സിഗററ്റ്

തലയുള്ളപ്പോൾ പൊക്കംകുറയും**,** തലയില്ലാത്തപ്പോൾ പൊക്കം കൂടും**?**

**-**തലയിണ

നമുക്ക് സ്വന്തമായൊരു സാധനം**,** പക്ഷേ ഉപയോഗിക്കുന്നത്
മറ്റുള്ളവരാണ്**.**എന്താണ്**?**

**-**നമ്മുടെ പേര്

ദേവി അനഞ്ജന 6B

# ജീവിതവിജയത്തിന്
# ഗാന്ധിസൂക്തങ്ങൾ

ഉത്തമവിദ്യാഭ്യാസത്തിന്റെ ആദ്യ ചവിട്ടുപടി ഒരു പരിശുദ്ധഹൃദയമായണ്


എല്ലാ വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ലക്ഷ്യം വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണമാണ്

ഓരോ വിദ്യാർത്ഥിക്കും അവരിലുള്ള ദൈവത്തിലും വിശ്വാസമുണ്ടായിരിക്കണം


ശുചിത്വമായിരിക്കണം കുട്ടികളെ പഠിപ്പിക്കേണ്ട പ്രഥമപാഠം

സാമൂഹികനിയന്ത്രണങ്ങൾ വ്യക്തിക്കും സമൂഹത്തിനും നന്മ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്


**രമ്യ 9D**



**NEERAJA VINOD 6B**



**devu 10A**



**DEVI 10A**

# സൗഹൃദം

ചിരിച്ചും കളിച്ചും കലഹിച്ചും മതിയാകും
മുമ്പേ വിടപറയേണ്ടി വരുന്ന സുഹൃത്തുക്കൾ നാം
വിടപറയും നിമിഷം തേങ്ങീടവേ
ഹൃദയത്തിൽ മുറിവുകൾ ചാർത്തീടവേ
തേങ്ങുന്ന ഹൃദയത്തിൽ താളുകൾ
നിശ്വാസമായി മാറുന്നു പ്രിയ സൗഹൃദങ്ങൾ
തീരുന്നു ഈ സൗഹൃദ താളുകൾ
ഇനിയില്ല നമ്മൾ ഇവിടെയൊരുമിച്ച്
പിരിയുന്നു നാം വിടപറയുന്നു നാം
പ്രിയ സുഹൃത്തേ നിനക്കു നന്ദി
എന്നെ സ്നേഹിച്ചതിനു നന്ദി
കൈ തന്നെന്നെ ഉയർത്തിയ നിനക്കു നന്ദി
ചതിയില്ല വഞ്ചനയില്ലിവിടെ
നാമെല്ലാരുമൊന്നാണ്,സുഹൃത്തുക്കളാണ്
എൻ പ്രിയസുഹൃത്തേ നിനക്കു നന്ദി

ദേവിക **10 B**

# ഒന്നു വച്ചാൽ
# രണ്ടു കിട്ടും

തിരിവിതാംകൂറെന്ന സ്ഥലത്ത് വളരെ പിശുക്കനായിരുന്ന രാജു എന്നൊരു ചെറുപ്പക്കാരണ്ടായിരുന്നു.ഒന്നാന്തരം കോഴിവളർത്തലുക്കാരൻ കൂടിയായിരുന്നു അയാൾ.കോഴിയുടെ മുട്ടയ്ക്ക് വിലകൂടുമ്പോൾ വിൽക്കണം.ആ നാട്ടിൽ ഒരു പെരുങ്കള്ളനുണ്ടായിരുന്നു.കള്ളൻ രവി എന്നാണ് അയാളെ വിളിച്ചിരുന്നത്.രവിക്ക് രാജുവിന്റെ കോഴികളെ എങ്ങനെയെങ്കിലും മോഷ്ടിക്കണം.

അന്നു രാത്രിയിൽ രാജുവിന്റെ കോഴിക്കൂട്ടിൽ കള്ളൻരവി കൈയ്യിട്ടു.നാശം!എല്ലാം കൂടെ ഒച്ചവെച്ച്
രാജുവിനെ ഉണർത്തി. അടുത്ത ദിവസം മുതൽ രാജു കോഴികൾക്ക് കാവലിരിക്കാൻ തുടങ്ങി.ഇന്ന് കള്ളൻ
വന്നാൽ അടിച്ചു ശരിയാക്കും.

ശ്ശോ അയാൾ കാവലിരിക്കുകയാണല്ലോ.എങ്ങനെയെങ്കിലും അയാളെ പറ്റിച്ച് കോഴികളെ മൊത്തം തട്ടിയെടുക്കണം. അടുത്ത ദിവസം വേഷംമാറി കള്ളൻ രവി രാജുവിന്റെ വീടിന്റെ മുന്നിലൂടെ നടന്നു.
ഒന്ന് വച്ചാൽ രണ്ട് കിട്ടും, രണ്ടു വച്ചാൽ നാലു കിട്ടും.

ചങ്ങാതീ.....ഒന്നുനിൽക്കണേ........നിങ്ങളെന്താണീ പറയുന്നത്.കാട്ടിലെ മാന്ത്രിക മലയെപ്പറ്റിയാ,ആ
മലമുകളിൽ എന്തുകൊണ്ടു വച്ചാലും രാവിലെ ഇരട്ടിയായി കിട്ടും.സത്യമാണോ പറയുന്നത്?
അതേന്നേ....
ഈ കോഴിയെ ഇരട്ടിയാക്കാൻ കൊണ്ടുപോവുകയാ. നാളെ രാവിലെ രണ്ടു കോഴിയും കൊണ്ടുവരുന്നതു
കണ്ടോ?

പിറ്റേന്നു രാവിലെ ഹി...ഹി കണ്ടോ രണ്ടു കോഴി, വേണമെങ്കിൽ വിശ്വസിച്ചാൽ മതി.ഇയാൾ പറഞ്ഞതു
നേരാണല്ലോ,രാജു പറഞ്ഞു പിറ്റേന്നു കള്ളൻ രവി പറഞ്ഞ സ്ഥലത്ത് രാജു ഒരു കോഴിയെ കെട്ടിയിട്ടു. നീ
ഇവിടെയിരിക്ക്

രാവിലെ വന്നു നോക്കിയപ്പോൾ ങേ... അത്ഭുതം ഹമ്പടാ!ഈ മല കൊള്ളാമല്ലോ....അടുത്ത ദിവസം രാജു
വീട്ടിലെ സ്വർണ്ണം മുഴുവൻ മലമുകളിൽ വെച്ചു.ആരും അറിയണ്ടാ ...... എന്റെ ഭാഗ്യം തെളിയാൻ പോവുകയാ.

പിറ്റേന്നു മലമുകളിലെത്തിയ രാജു ഞെട്ടിപ്പോയി.അവിടെയതാ ഒരു കത്ത്. പിശുക്കൻ രാജു മണ്ടനാണെന്നു ഞാൻ കരുതിയില്ല.എന്നെ വിശ്വസിച്ച് ഇത്രയും സ്വർണ്ണം നൽകിയതിന് വളരെ നന്ദി.

വീട്ടിലെത്തിയപ്പോൾ ഹമ്പട കള്ള...നീയാണല്ലേ എന്റെ ചെമ്പുകുടം മോഷ്ടിച്ചത്,എന്റെകോഴിയെ
കട്ടതും ഇവനാ....കള്ളമുതൽ കണ്ടെടുത്ത നാട്ടുകാർ രാജുവിനെഅടിച്ച് ചമ്മന്തിയാക്കി.ങേ!എന്റെ പിശുക്കും
അത്യാഗ്രഹവുമാ എല്ലാത്തിനും കാരണം ഹും.

**നവ്യ.ആർ.നാഥ്**

# മാധ്യമങ്ങളുടെ
# ഗുണദോഷങ്ങൾ

അക്ഷരരൂപത്തിൽ വാർത്തകളും മറ്റനുബന്ധകാര്യങ്ങളും ജനങ്ങളിൽ എത്തിക്കുന്നതാണ് പ്രിൻറ്റ് മീഡിയ. നടന്നസംഭവങ്ങളും നടന്നിട്ടുളള
സംഭവങ്ങളും റെക്കോർഡ് ചെയ്തും നേരിട്ട് ജനങ്ങളിലെത്തിക്കുന്നതാണ് വിഷ്വൽ മീഡിയ.എന്നാൽ ഇന്ന് ഇതിൻെറ പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ദുരുപയോഗം ചെയ്യുകയും ചെയ്യുന്നുണ്ട് .ആനുകാലിക സംഭവങ്ങളെ വളച്ചൊടിച്ച് വാർത്തകൾ സൃഷ്ടിക്കുകയും വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പക്കൽനിന്ന് സമ്പത്തും മറ്റാനുകൂല്യങ്ങളും വാങ്ങി ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് വരുത്തി പരസ്യങ്ങൾ നൽകുക ,സമൂഹത്തെ വഴിതെറ്റിക്കുന്ന തരത്തിലുളളതും,തെറ്റായ സന്ദേശം നൽകുന്ന തരത്തിലുളള കഥകളും,സീരിയലുകളും ,മറ്റാശയങ്ങളും മീഡിയ വഴിപ്രചരിപ്പിക്കുക,അതുവഴി മീഡിയപ്രവർത്തനങ്ങളെ ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു . എന്നാൽ ശരിയായ കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുകയും ,ഏതേങ്കിലും സംഭവവികാസങ്ങൾ പൊതുസമൂഹമോ ഭരണകൂടമോ അറിയാതെ നടക്കുന്നുണ്ടെങ്കിൽ അവ മൂഡിയകൾ വഴി പുറത്തുകൊണ്ടുവരാനും അതുപോലെ നല്ല ആശയങ്ങളും ,പ്രചരണങ്ങളും ,പരസ്യപ്രക്ഷേപണങ്ങളും ജനങ്ങളെ സ്വാധീനിക്കുന്നതോടൊപ്പം ,ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.സീരിയലുകളും സിനിമകളും,കഥകളും,നോവലുകളും,പൊതുസമൂഹത്തിന് മുൻമ്പിൽ എത്തിക്കാനും മീഡിയകൾക്ക് സാധിക്കുന്നുണ്ട്.ഇത്തരത്തിലാണ് മീഡിയയെ ഉപയോഗപ്പെടുത്തുന്നതും ,ദുരുപയോഗം ചെയ്യുന്നതും.

ബിസ്മി **5B**

# മായാത്ത ഓർമ്മ

എനിക്കുണ്ടായ അനുഭവം ഒരിക്കലും മറക്കാൻ കഴയാത്ത ഒന്നാണ്. ആ അനുഭവം ഇന്നും ഓർത്ത് ഞാൻ വിഷമിക്കുന്നു.അച്ഛൻ മരിച്ച അന്നുമുതൽ എന്റെ അച്ഛൻ അപ്പൂപ്പനാണ്.എന്റെ അച്ഛൻ എനിക്ക് ഒരു വയസ്സായപ്പോഴാണ് മരിച്ചത് .എനിക്ക് എന്റെ അച്ഛനെ ഓർമ്മപോലുമില്ല. അതുകൊണ്ട് ഞാൻ അച്ഛാ എന്നും വിളിക്കുമായിരുന്നു.എന്റെ സങ്കടങ്ങളും ,സന്തോഷങ്ങളുമെല്ലാം ഞാൻ അപ്പൂപ്പനുമായി പങ്കുവയ്ക്കുമായിരുന്നു.സങ്കടങ്ങൾ പറയുമ്പോൾ എന്നെ ആശസിപ്പിക്കാൻ

ചിലപ്പോൾ അപ്പൂപ്പൻ മാത്രമേ ഉണ്ടായിരുന്നുള്ളു.എനിക്ക് എന്തുവേണമെന്ന് പറഞ്ഞാലും അപ്പൂപ്പൻ അത് വാങ്ങിക്കൊണ്ട് വരുമായിരുന്നു.അങ്ങനെ അപ്പൂപ്പന് ഞാനൊരു സ്വന്തം മകളായി.എനിക്കും അപ്പൂപ്പൻ എന്റെ സ്വന്തം അച്ഛനായിരുന്നു.

ഒരു ദിവസം അപ്പൂപ്പന് അസുഖം വന്നു .അന്ന് എനിക്ക് വളരെ വിഷമമുള്ള ദിവസമായിരപന്നു.അപ്പൂപ്പനെ ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ഞാൻ അപ്പൂപ്പന്റെ കാര്യങ്ങൾ ഓർത്ത് വിഷമിച്ചു.പിന്നീട് അപ്പൂപ്പനെ വീട്ടിലേക്ക് കൊണ്ടുവന്നപ്പോഴാണ് എനിക്ക് സന്തോഷമായത്.അപ്പൂപ്പന് അസുഖംവന്നപ്പോൾ എനിക്ക് സ്കൂളിൽ പോവാൻ പോലും താല്പ്പര്യമില്ലായിരുന്നു.അമ്മയുടെ നിർബന്ധപ്രകാരം സ്കൂളിൽ പോയി.
പിന്നീടും അപ്പൂപ്പന് അസുഖം വന്നിരുന്നു.അപ്പൂപ്പന് പിന്നീട് അസുഖം വന്നതെന്താണെന്ന് അമ്മ പറഞ്ഞു.ഞാൻ സ്കൂളിൽ പോയപ്പോൾ അമ്മ എന്നെ സ്കൂളിൽ നിന്ന് വിളിച്ചുകൊണ്ടു വന്നു. ഞങ്ങൾ എല്ലാവരും കൂടി അപ്പൂപ്പനെ കാണാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയി .അവിടെ ചെന്നപ്പോൾ അപ്പൂപ്പനെ വിളിച്ചു.അപ്പോൾ അപ്പൂപ്പൻ കരഞ്ഞു .എന്നോട് അപ്പോഴാണ് എല്ലാവരും പറഞ്ഞത്.അപ്പൂപ്പന് സംസാരിക്കാൻ കനിയില്ല.ഇതറിഞ്ഞ ഞാൻ വിഷമപൂർവ്വം ഇരുന്നു.അപ്പോൾ എന്നെ സമാധാനിപ്പിക്കാൻ ആരും ഉണ്ടായിരുന്നില്ല.
    പിന്നീട് രണ്ടു ദിവസം കഴിഞ്ഞപ്പോൾ അമ്മയ്ക്ക് രാവിലെ ഫോൺ വന്നു.അപ്പൂപ്പൻ മരിച്ചെന്നു പറഞ്ഞ് .എനിക്ക് വളരെ വിഷമമുണ്ടായിരുന്നു.പിന്നീട് എനിക്ക് മനസ്സിലായി നമ്മൾ സ്നേഹിക്കുന്ന ആൾക്കാർ ഒരിക്കൽ മരിക്കുമെന്ന്.എനിക്ക് ഈ അനുഭവം ഒരിക്കലും മറക്കാൻ കഴിയില്ല.

**രേഖ 8A**